ബൈപ്പാസ് നിർമ്മാണം

278 (1312) ശ്രീ. വി. ടി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബൈപ്പാസുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ;

(സി) പ്രസ്തുത നിർമ്മാണത്തിനുള്ള ധനസമാഹരണം എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടംമുതൽ മുക്കോലവരെയുള്ള 26.5 കി.മീറ്റർ നാലുവരി പാതയാക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടി പൂർത്തിയാക്കിയവർക്ക് അവാർഡ് ചെയ്യുകഴിഞ്ഞു. ബാക്കിയുള്ള മുക്കോലമുതൽ തമിഴ്നാട് അതിർത്തിവരെയുള്ള 16.5 കി.മീറ്റർ ഭാഗത്തെ സ്ഥലമെടുപ്പ് അവസാന ഘട്ടത്തിലാണ്. കൊല്ലം-ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം ഇടങ്ങിക്കഴിഞ്ഞു. കോഴിക്കോട് ബൈപ്പാസ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. തലശ്ശേരി-മാഹി ബൈപ്പാസ് സ്ഥലമെടുപ്പ് ഏതാണ്ട് പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടന്നുവരുന്നു. തുപ്പുണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം എന്നീ ബൈപ്പാസുകളുടെ സ്ഥലമെടുപ്പിനുള്ള എസ്റ്റിമേറ്റ് അംഗീകാരത്തിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ താഴെപ്പറയുന്ന ബൈപ്പാസുകളുടെ പ്രവൃത്തികൾ നടന്നുവരുന്നു. (1) എം.സി. റോഡ് - പത്തനാപുരം റോഡ് ശബരിമല ബൈപ്പാസ് (മേഴ്സി ഹോസ്പിറ്റൽ - ചെങ്ങമനാട് റോഡ് 6.60 കി.മീ) (2) കോതമംഗലം - തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ്. (3) തിരൂർ - പൊന്നുണ്ടം ബൈപ്പാസ്. (4) കർമ്മ ബൈപ്പാസ് റോഡ്, പൊന്നാനി. (5) മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ്. (6) ഒരേടത്ത് പാലം - മാനന്തള മംഗലം - തൈക്കുത്ത് ബൈപ്പാസ്. (7) കടുത്തുരുത്തി ബൈപ്പാസ്. (8) പട്ടിത്താനം - മണ്ണാർക്കാട് ബൈപ്പാസ്. (9) അയർക്കുന്നം - കുറിച്ചിത്താനം ബൈപ്പാസ്.

കെ.എസ്.ടി.പി-I പദ്ധതിയിൽപ്പെടുത്തി എം.സി. റോഡിന്റെ അടൂർ ബൈപ്പാസിന്റെ നിർമ്മാണം 2010-ൽ പൂർത്തിയാക്കി. കെ.എസ്.ടി.പി -2 പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവല്ല ബൈപ്പാസ്, തൊടുപുഴ ബൈപ്പാസ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

(ബി) തിരുവനന്തപുരം ബൈപ്പാസ് ദേശീയപാത അതോറിറ്റി ബി.ഒ.ടി. വ്യവസ്ഥയിൽ നടപ്പിലാക്കുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണച്ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുന്നതാണ്. ഇത് സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. തുപ്പുണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം ബൈപ്പാസുകളുടെ നിർമ്മാണം കേന്ദ്രസർക്കാരിന്റെ വാർഷിക പദ്ധതിയിലോ, സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയോ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. തുപ്പുണിത്തുറ ബൈപ്പാസ് നിർമ്മാണം സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണം സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ദേശീയപാത അതോറിറ്റി നിർമ്മിക്കുന്ന ബൈപ്പാസുകൾ ബി.ഒ.റ്റി. വ്യവസ്ഥയിലാണ്. സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് കേരള റോഡ് ഫണ്ട് ബോർഡിന്റെ വാർഷിക വിഹിതം ഉപയോഗിച്ചും ബോർഡ് മുഖേന ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം - മുക്കോല ഭാഗത്തെ ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

ബൈപ്പാസ് നിർമ്മാണം

279 (1313) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ ബജറ്റിൽ പ്രഖ്യാപിച്ച കോഴിക്കോട്, തലശ്ശേരി-മാഹി, സുൽത്താൻ ബത്തേരി, ചെങ്ങന്നൂർ, കോഴഞ്ചേരി ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവരെ ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14-ലെ ബജറ്റിൽ പ്രഖ്യാപിച്ച കോഴിക്കോട് എൻ. എച്ച്. ബൈപ്പാസിന്റെ അവസാന റീച്ചായ 5.1 കി.മീ.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. തലശ്ശേരി-മാഹി ബൈപ്പാസിന്റെ ഒന്നാം റീച്ചിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കി.മീ. പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. ചെങ്ങന്നൂർ, കോഴഞ്ചേരി, സുൽത്താൻബത്തേരി ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) കോഴിക്കോട് എൻ എച്ച് ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ 73.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ദേശീയപാത വികസനത്തിന് കേന്ദ്രസഹായം

280 (1314) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിന് കേന്ദ്രസർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly